"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അടിമാലി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2025 മെയ് മാസം സംഘടിപ്പിച്ച 'അടിമാലി ഫെസ്റ്റ്' എന്ന പ്രദർശന വിപണന മേളയുടെ നടത്തിപ്പ് ചെലവുകൾക്കായി അടിമാലി ഗ്രാമപഞ്ചായത്തിന് അധിക ബാധ്യതയായി വന്ന 3,84,576/- രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2625/2025/LSGD തീയതി,തിരുവനന്തപുരം, 01-11-2025

---

പരാമർശം:-

1. അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.04.2025- ലെ എ2 2560/2025 നമ്പർ കത്ത്.
2. ബഹു.ദേവികുളം എം.എൽ.എ-യുടെ 22.04.2025-ലെ കത്ത്.
3. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 10.10.2025- ലെ LSGD/PD/13181/2025/GEB4 നമ്പർ കത്ത്.

**ഉത്തരവ്**

അടിമാലി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2025 മെയ് മാസം സംഘടിപ്പിച്ച 'അടിമാലി ഫെസ്റ്റ്' എന്ന പ്രദർശന വിപണന മേളയുടെ നടത്തിപ്പ് ചെലവുകൾക്കായി അടിമാലി ഗ്രാമപഞ്ചായത്തിന് അധിക ബാധ്യതയായി വന്ന 3,84,576/- രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ യഥേഷ്ടാനുമതി നൽകണമെന്ന ആവശ്യത്തിന്മേൽ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം അനുകൂല ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, 'അടിമാലി ഫെസ്റ്റ്' എന്ന പ്രദർശന വിപണന മേളയുടെ നടത്തിപ്പ് ചെലവുകൾക്കായി അടിമാലി ഗ്രാമപഞ്ചായത്തിന് അധിക ബാധ്യതയായി വന്ന 3,84,576/- രൂപ, ചെലവുകളുടെ ആധികാരികത ഗ്രാമപഞ്ചായത്തും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതാണ് എന്ന നിബന്ധനയോടെ, അടിമാലി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം

പ്രസിഡന്റ്/ സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ & പിആർഡി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 01-11-2025 14:56:16
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്